ഡോക്ടർ എം.എ.കുട്ടപ്പൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജ് ആശുപത്രികളിൽ റസിഡൻസി സംപ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതലെന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്.

(സി) കമ്മിറ്റി ശുപാർശ സമർപ്പിച്ചുവോ;

(ഡി) ഇല്ലെങ്കിൽ ശുപാർശ ഏതു തീയതിക്കുള്ളിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്?

ഉത്തരം

(എ)&(ബി) മെഡിക്കൽകോളേജ് ആശുപത്രികളിൽ റസിഡൻസി സംപ്രദായം നടപ്പിലാക്കുന്നത് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 16.4.99-ന് മന്ത്രിസഭാ ഉപസമിതി ഹൗസ് സർജൻമാരുടേയും പി.ജി.വിദ്യാർത്ഥികളുടേയും പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ റസിഡൻസി സംപ്രദായം നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവിധവശങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആരോഗ്യ/ധനകാര്യവകുപ്പു പ്രതിനിധികളും, പി.ജി. വിദ്യാർത്ഥി/മെഡിക്കൽ കോളേജ് അദ്ധ്യാപക പ്രതിനിധികളും എക്സ്പർട്ടുകളും ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) തീയതി നിശ്ചയിച്ചിട്ടില്ല.

131 (131) തൃശ്ശൂർ മെഡിക്കൽ കോളേജിലെ യൂറോളജി ഡിപ്പാർട്ട്മെന്റ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ യൂറോളജി ഡിപ്പാർട്ട്മെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമുള്ള ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഡോക്ടറെ നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 31.3.99 ലെ ജി.ഒ. (എം.എസ്സ്) നം 124/99/ആ.കു.വ. ഉത്തരവ് പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജിൽ യൂറോളജി ഡിപ്പാർട്ട്മെൻറ് ആരംഭിച്ചുകഴിഞ്ഞു. ഈ വകുപ്പിലേക്ക് ഒരു അസിസ്റ്റന്റ് പ്രൊഫസറുടെയും, ഒരു ലക്ചററുടെയും തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത്. ലക്ചറർ തസ്തികയിൽ ഒരു ഡോക്ടറെ നിയമിച്ചു കഴിഞ്ഞു. അസിസ്റ്റന്റ് പ്രൊഫസർ

LIBRARY ARCHIVES Kerala Legislative Assembly

തസ്തികയിലെ നിയമനം ആ വകുപ്പിന്റെ പ്രസ്തുത തസ്തികയിലേക്കുള്ള ഡി.പി.സി. സെലക്റ്റുലിസ്റ്റ് തയ്യാറായാലുടൻതന്നെ നടത്തുന്നതാണ് ഇതിലേക്കുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റ് തയ്യാറാക്കി വരുന്നു.

132 (132) പരിയാരം മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പ്രവേശനം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ 1999-2000 മാണ്ടിൽ എം.ബി.ബി.എസ്.-ന് ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതു സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഈ കോളേജിൽ പ്രവേശനാനുമതി ലഭിക്കുന്നതിന് ഓരോ വർഷവും കേന്ദ്രഗവൺമെന്റിന്റെയും ആൾ ഇൻഡ്യ മെഡിക്കൽ കൗൺസിലിന്റേയും അനുമതി തേടേണ്ടതുണ്ടോ;

(സി) 1999-2000-മാണ്ടിലേക്കുള്ള പ്രവേശനത്തിന് പുതുക്കിയ അനുമതി തേടേണ്ടിവന്നത് എന്തുകൊണ്ടാണെന്നു പറയുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും പുതുക്കിയ അംഗീകാരം ലഭിക്കുന്നതിനു മുൻപ് 1999-2000-ം വർഷത്തേക്ക് ഒന്നാം വർഷവിദ്യാർത്ഥികൾക്ക് പ്രവേശനം നൽകരുതെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി)&(സി) 1995-96 -ലാണ് പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് ആദ്യമായി ആരംഭിച്ചത്. ആദ്യത്തെ അഞ്ചുകൊല്ലവും, ഓരോ വർഷവും, തക്കതായ സൗകര്യങ്ങൾ ഉണ്ടോയെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പരിശോധിച്ചു നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. പരിയാരം മെഡിക്കൽകോളേജിലെ അഞ്ചാമതുവർഷം വരുന്നത് 1999-2000 മാണ്ടിലാണ്. അതിനാൽ ഈ വർഷവും പ്രത്യേക അനുമതി ആവശ്യമാണ്. അനുമതിക്ക് വിധേയമായി ഓരോ വർഷവും കുട്ടികളെ അഡ്മിറ്റു ചെയ്യുകയായിരുന്നു പതിവ്. എന്നാൽ 99-2000 വർഷത്തേക്ക് അനുമതി ലഭിച്ചശേഷമേ കുട്ടികളെ അഡ്മിറ്റു ചെയ്യാവൂ എന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിക്കുകയുണ്ടായി.

133 (133) കണല്ലൂർ പ്രാഥമിക ആരോഗ്യകേന്ദ്രം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കായംകുളം എം.എൽ.എ. ആരോഗ്യവകുപ്പിന് നൽകിയ നിവേദനത്തിൻമേൽ എന്തുനടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly